(എ) സംസ്ഥാന സർവ്വീസിൽനിന്നും വിരമിക്കുന്നവർക്ക് ചികിത്സാ സൗകര്യം ലഭിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഈ പദ്ധതിയുടെ നടത്തിപ്പ് സാധ്യത വിലയിരുത്താനായി വിവിധ ഇൻഷ്വറൻസ് കമ്പനികളും, പെൻഷൻകാരുടെ സംഘടനാ പ്രതിനിധികളും ഉൾപ്പെടെയുള്ള എല്ലാവരുമായി ചർച്ചകൾ നടത്തി ഒരു പ്രവർത്തനക്ഷമമായ സ്കീം ഉണ്ടാക്കാൻ ഉദ്ദേശിക്കുന്നു. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടുത്ത വർഷം പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പരിഗണനയുടെ പ്രാരംഭദശയിൽ ആയതിനാൽ വിശദാംശങ്ങൾ നൽകാൻ നിർവ്വാഹമില്ല.

172 (2487) ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളുടെ ശോച്യാവസ്ഥ സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും അഭിപ്രായം പ്രകടിപ്പിക്കുകയോ നിർദ്ദേശം നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) മനുഷ്യാവകാശ കമ്മീഷൻ മെമ്പർ ഡോ. എസ്. ബാലരാമൻ 23.11.99-ൽ തിരുവനന്തപുരം മാനസികാരോഗ്യകേന്ദ്രം സന്ദർശിക്കുകയും ചില നിർദ്ദേശങ്ങൾ നൽകുകയുമുണ്ടായി. നിർദ്ദേശങ്ങളും അതു സംബന്ധിച്ച് നടപ്പിലാക്കിയ കാര്യങ്ങളും ചുവടെ കൊടുക്കുന്നു:

1. സൂപ്രണ്ടും, ആർ.എം.ഒയും ആശുപത്രി കോമ്പൗണ്ടിൽ താമസിക്കണമെന്ന നിർദ്ദേശം ഉണ്ടായി. തിരുവനന്തപുരം നഗരത്തിൽ ഈ കേന്ദ്രത്തിന് 6 കിലോമീറ്റർ ചുറ്റളവിനകത്ത് വരുന്ന കുമാരപുരത്ത് സൂപ്രണ്ടും, കാർട്ടേഴ്സിൽ ആർ.എം.ഒയും താമസിക്കുന്നുണ്ട്.

2. ഫീമെയിൽ ക്രോണിക് വാർഡ്, സിക്ക് വാർഡ്, വാർഡ് 10 ആന്റ് 22 -ലെ ടോയ്ലെറ്റ് എന്നിവയുടെ അറ്റകുറ്റപ്പണികൾ നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത അറ്റകുറ്റപണികളും നവീകരണങ്ങളും ഇലക്ട്രിക്കൽ റിപ്പയറും മറ്റും പൊതുമരാമത്തു വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദ്രുതഗതിയിൽ നടന്നു വരികയാണ്.

3. ഫ്ളെഡ് ലൈറ്റ്/സോഡിയം വേപ്പർ ലാമ്പ് ആശുപത്രി കോമ്പൗണ്ടിൽ സ്ഥാപിക്കാനും, വാർഡിലെ ബൾബുകൾ മാറ്റുവാനും പുതിയവ ഇടുവാനും നിർദ്ദേശിച്ചു.

ആശുപത്രി പരിസരത്ത് 25 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിന് 1.75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനാകം 5 സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുകയും, വാർഡുകളിലെ ഫ്യൂസായ ബൾബുകൾ മാറ്റുകയും ചെയ്തുകഴിഞ്ഞു.

4. സ്റ്റാഫ് നഴ്സ്, കുക്ക്, റേഡിയോ ഗ്രാഫർ എന്നീ തസ്തികകളിൽ ഒഴിവുള്ളവ നികത്തണമെന്ന് നിർദ്ദേശിച്ചതനുസരിച്ച് ഈ തസ്തികകളിലെ ഒഴിവുകൾ നികത്തി ബാക്കിയുള്ളവ നികത്തുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു.

5. ശ്രീ. ജെ. ചിത്തരഞ്ജൻ എം.പി. ഫണ്ടിൽനിന്ന് അനുവദിച്ച 2 ലക്ഷം രൂപ വിനിയോഗിച്ചോ എന്ന് കമ്മീഷൻ ആരാഞ്ഞിരുന്നു.

പ്രസ്തുത ഫണ്ടിൽ നിന്നും കട്ടിലുകൾ വാങ്ങുന്നതിനായി അനുവദിച്ച തുക കേന്ദ്ര ഗവൺമെന്റിൽ നിന്നും എം.പി. ഫണ്ടിലേക്ക് അലോട്ട് ചെയ്തു വന്നിട്ടില്ലാത്തതിനാൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല ഇതിനായി തിരുവനന്തപുരം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് നടപടികൾ കൈകൊണ്ടുവരുന്നു.

കോഴിക്കോട് മാനസികാരോഗ്യകേന്ദ്രത്തിൽ മാനസികരോഗ വിദഗ്ദ്ധർ, ക്ളിനിക്കൽ സൈക്കോളജിസ്റ്റ് സൈക്യാട്രിക്ക് സോഷ്യൽ വർക്കർ എന്നീ തസ്തികകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുവാനും കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. തൃശ്ശൂർ മാനസികാരോഗ്യ കേന്ദ്രം 1996- ന് ശേഷം മനുഷ്യാവകാശ കമ്മീഷൻ സന്ദർശിച്ചിട്ടില്ല. മറ്റു ആശുപത്രികൾ സന്ദർശിച്ചതായ റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ല.

173 (2484) സംപൂർണ്ണ പോളിയോ നിർമ്മാർജ്ജന പരിപാടി

<u>ശ്രീ. മാമ്മൻ മത്തായി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യ സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സമ്പൂർണ്ണ പോളിയോ നിർമ്മാർജ്ജനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന പോളിയോ രോഗവിമുക്ത സംസ്ഥാനം ആക്കാനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇപ്രകാരമുള്ള സംരംഭങ്ങളിൽ സന്നദ്ധ സേവന സംഘടനകളെക്കൂടി ഉൾപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ സംസ്ഥാനത്ത് റിപ്പോർട്ടുചെയ്തിട്ടുള്ള പോളിയോ രോഗബാധിതർ എത്രയാണ്; ജില്ല തിരിച്ചും വർഷം തിരിച്ചുമുള്ള കണക്കുകൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly